TROUBLES AT ANTHIKAD

401. മിസ്റ്റർ കെ. എ. രാഘവൻ: താഴെ എഴുന്ന ചോദ്യത്തിന്ന ബഹുമാനപ്പെട്ട ഗവമ്മെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

അന്തിക്കാട്ട കഴപ്പങ്ങൾ തുടങ്ങിയ ശേഷം അവിടെ സാധാരണയിലും വിശേഷാലും പല വകുപ്പുകളിലായി ഡ്യൂട്ടിയിൽ ഇരുന്നിരുന്നവരും ഇപ്പോൾ ഇരിക്കുന്നവരുമായ ഉദ്യോഗസ്ഥന്മാർ (ആപ്പീസർമാർ മുതൽ ശിപായിവരെ) ഏതേതു സമുദായങ്ങളിൽപെട്ടവരാണ്.

റാവുസാഹിബ് എ. മാധവപ്പിള്ള: വിവരങ്ങളടങ്ങിയ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്. (Appendix II.)

TINNED PROVISIONS—AUCTION OF

402. മിസ്റ്റർ എം. ഒ. തോമക്കുട്ടി: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവമ്മെണ്ടു സദയം മറുപടി പറയുമോ.—

(എ) നാശം വന്നുപോയിട്ടുള്ള ടിൻ പ്രൊവിഷനുകൾ ലേലം വിളിക്കുന്നതിന്നു പുറമെനിന്നു വല്ലവരേയും നിയമിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെന്നുവരികിൽ ആരെയാണ്;

(സി) എന്തു പ്രതിഫലം കൊടുക്കാമെന്നുള്ള കരാറിന്മേലാണ്,

(ഡി) എത്ര സംഖ്യക്കുള്ള സാധനങ്ങൾ ലേലം വിളിച്ചുവെന്നും എത്ര സാധനങ്ങളാണ ലേലംവിളിച്ചതെന്നും വിവരമായ ഒരു കണക്ക മേശപ്പുറത്തു വെക്കുവാൻ ദയവുണ്ടാകുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ബാക്കി കയ്യിരിപ്പുള്ള ടിൻ പ്രൊവിഷനുകൾ ലേലം വിളിക്കുവാൻ പുറമെനിന്നും ആളെ ഏല്പിച്ചിരുന്നു.

(ബി) ലേലംവിളിക്കുവാൻ ഏല്പിച്ചിരുന്നതു മിസ്റ്റർ ഫ്രാങ്ക് എബ്രാഹാമിനെയാണ്.

(സി) ലേലസംഖ്യയിൽ ആദ്യത്തെ റ. ൫, ൦ ൦ ൦ രൂപ്പികക്ക രണ്ടു ശതമാനവും, പിന്നത്തെ റ. ൫, ൦ ൦ ൦-ത്തിന ഒരു ശതമാനവും, പിന്നത്തെ രണ്ടു ലക്ഷത്തിന്ന അര ശതമാനവും, അതിന്മീതെവരുന്ന സംഖ്യക്ക കാൽ ശതമാനവും ആണ് പ്രതിഫലം നിശ്ചയിച്ചിട്ടുള്ളതു.

(ഡി) കച്ചവടം കഴിയുന്നതിന്ന മുമ്പ് ഈ വിവരങ്ങൾ പുറത്താക്കുന്നതു ശരിയായിരിക്കയില്ല.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ഈ കമ്മീഷൻ ആദ്യത്തെ റ൫,൦൦൦ ക. ക്ക് രണ്ടു ശതമാനവും, പിന്നീടുള്ള റ൫,൦൦൦ ക. ക്ക് ഒരു ശതമാനവും, പിന്നീടുള്ള രണ്ടുലക്ഷം സംഖ്യക്ക് അരശതമാനവും അതിന്മീതെവരുന്ന സംഖ്യക്ക് കാൽശതമാനവും എന്ന തീരുമാനിക്കുവാനുള്ള കാരണം എന്താണ്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അങ്ങിനെയൊക്കെയാണ് സാധാരണ പതിവു്.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ഇരുപത്തിഅയ്യായിരം രൂപ്പികയിൽ കൂടുതൽ വരുന്ന സംഖ്യക്ക ഇത്ര കുറവായിട്ടു വരുവാനുള്ള കാരണമെന്താണ്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: സാധാരണ ഇങ്കംടാക്സ് ഇൻവേഴ്സായിട്ടുള്ള ഒരു രീതിയാണ് ഇതു്.

VILLAGE COURT AT KALLOOR

403. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവമ്മെണ്ടു സദയം മറുപടി പറയുമോ.—

(എ) കല്ലൂർ തെക്കുംമുറി വില്ലേജ് കോട്ട് നടത്തിവരുന്ന സ്ഥലം ആരുടെ വകയാകുന്നു. എവിടെയാണ് ഈ ആപ്പീസ്സു സ്ഥിതിചെയ്യുന്നതു;

(ബി) ആ കെട്ടിടത്തിന്റെ ഉടമസ്ഥനു് ആപ്പീസ്സു കെട്ടിടത്തിന്റെ അരികത്തും പരിസരങ്ങളിലും കൂടി ഉദ്ദേശം എത്ര ഏക്കു് വസ്തു ഉണ്ടു;

(സി) ഈ വില്ലേജ് കോട്ടിന്റെ ആവശ്യത്തിലേക്ക ഗവമ്മെണ്ടിൽനിന്നും സ്ഥലം അകപയർ ചെയ്യാനുദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഏതുസ്ഥലം, ആരുടെവക, എന്തുജാതി;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ വില്ലേജ് കോട്ടിന്നടുത്ത് ഒരുകാലത്ത് ചന്തയായി ഉപയോഗിച്ചിരുന്നതും ഇപ്പോൾ തരിശായിക്കിടക്കുന്നതുമായ പുറമ്പോക്ക സ്ഥലം ഇല്ലേ;

(എഫ്) ഈ കോട്ടിനുവേണ്ടി എത്ര സ്ഥലമാണ് അകപയർ ചെയ്യാൻ തീരുമാനിച്ചിട്ടുള്ളത്?

റാവു ബഹദൂർ ടി. കെ. നായർ:

(എ) അഡൂർ വില്ലേജ് കോട്ട് നടത്തിവരുന്ന സ്ഥലം ആലത്തൂർ വില്ലേജിൽ കമ്പിടി ദേശത്തു കണ്ണംപിള്ളി ഔസേപ്പ് മകൻ അന്തോണിയുടെ വകയാകുന്നു. മുകുന്ദപുരം താലൂക്ക് കല്ലൂർ തെക്കുംമുറി വില്ലേജിൽ അന്നമനടയിലാണ് പ്രസ്തുത കോട്ട് സ്ഥിതിചെയ്യുന്നത്.

(ബി) അറിഞ്ഞുകൂടാ.

(സി) വില്ലേജ് കോടതി, പഞ്ചായത്താപ്പീസ് ഇവയുടെ ആവശ്യത്തിലേക്ക സ്ഥലം അകപയർചെയ്യുന്ന കാര്യം ഗവണ്മെണ്ടിന്റെ ആലോചനയിൽ ഇരിക്കുന്നുണ്ട്.

(ഡി) കല്ലൂർ തെക്കുംമുറി വില്ലേജിൽ അന്നമനട ദേവസ്വംവക സർവ്വെ വ ളനു/ക നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്.

(ഇ) ഉണ്ട്.

(എഫ്) വില്ലേജ് കോടതി, പഞ്ചായത്താപ്പീസ് എന്നിവയുടെ ആവശ്യത്തിലേക്ക സ്ഥലം അകപയർ ചെയ്യുന്ന കാര്യം തീരുമാനിച്ചിട്ടില്ല. അതുകൊണ്ട് എത്ര സ്ഥലം വേണ്ടിവരുമെന്നു പറയുവാൻ നിവൃത്തിയില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ദേവസ്വം വക ഭൂമിയെന്നു പറഞ്ഞ ഈ സ്ഥലത്തിന്റെ കൈവശക്കാരൻ ആരാണ്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതിന്നു നോട്ടീസ് വേണം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അവിടെ ഗവണ്മെണ്ടു വകയായിട്ടുള്ള സ്ഥലം എത്രയുണ്ട്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അവിടെ പുറമ്പോക്ക സ്ഥലം ഉണ്ടെന്നു തോന്നുന്നില്ല. കൂടുതൽ വിശദമായിട്ട പറയണമെന്നുണ്ടെങ്കിൽ നോട്ടിസ്സുവേണം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: വില്ലേജ കച്ചേരി നടത്തി വരുന്നതു ആരുടെ സ്ഥലമാണ്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അറിഞ്ഞുകൂട.

HONEY-SALE OF

404. മിസ്റ്റർ കെ. കൊച്ചുകുട്ടൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവണ്മെണ്ടു സദയം മറുപടി പറയുമോ.—

(എ) പറമ്പിക്കുളത്തും പരിസരങ്ങളിലുമുള്ള കാടന്മാർ നിത്യം ശേഖരിക്കുന്ന തേൻ സാധാരണ ആക്ക് എത്ര വിലക്കാണ വില്പനനടത്തുന്നതെന്നു ഗവണ്മെണ്ടിനറിയാമോ;

(ബി) തേൻ വാങ്ങുന്നവർ മറു വല്ല കച്ചവടവും നടത്താറുണ്ടോ;

(സി) വെറിലു, അടക്ക മുതലായ സാധനങ്ങൾ തേൻ വാങ്ങുന്നവർ കാടന്മാക്ക വില്പനനടത്തുകയാണെങ്കിൽ എത്ര വിലക്കാണ് വില്പനനടത്തുന്നതെന്നു ഗവണ്മെണ്ടു അന്വേഷിക്കുമോ?

മിസ്റ്റർ സി. ആർ. ഈയ്യണ്ണി:

(എ) കാടന്മാർ ശേഖരിക്കുന്ന തേൻ ആക്കം വില്പനനില്ല. അതിനാൽ വിലയുടെ ചോദ്യം ഉത്ഭവിക്കുന്നില്ല. മലംചരക്ക കുത്തകക്കാരുടെ ആവശ്യവും അനുവാദവും പ്രകാരം കാടന്മാർ സാധനങ്ങൾ ശേഖരിച്ച് അതായു കുത്തകക്കാരെ ഏല്പിക്കുകയാണ ചെയ്യുന്നത്.

(ബി) മേൽ മറുപടികൊണ്ട് ഇതിനു ഉത്തരം ആവശ്യമില്ല.

(സി) ചോദ്യത്തിൽ പറയുന്ന വില്പന നടന്നു വരുന്നതായി അറിവില്ല. എന്നാൽ കാട്ടുപ്രദേശങ്ങളിൽ അടക്ക, വെറിലു മുതലായ സാധനങ്ങൾ കിട്ടുവാനില്ലാത്തതിനാൽ ടി വക സാധനങ്ങൾ നാട്ടിൽനിന്നും കുത്തക കരാറുകാർ കൊണ്ടുപോയി കാടന്മാക്ക കൊടുത്തു അതുകളുടെ ചിലവു കാടന്മാക്ക ചെല്ലേണ്ടതായ കൂലിയിൽ വകപറഞ്ഞു വരുന്നതായി അറിയുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly